**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 401** **05-10-2021 - ൽ മറുപടിയ്ക്ക്**

**ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri K N Balagopal (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിവിധ വികസന ഏജൻസികളിൽ ദീർഘനാളായി കുടിശ്ശികയായി കിടക്കുന്ന വായ്പകൾ ഒറ്റത്തവണ തീർപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ? | (എ) | ഉണ്ട്. കയർ സഹകരണ സംഘങ്ങൾക്ക് കേരള ബാങ്കിൽ ഉണ്ടായിരുന്ന ക്യാഷ് ക്രെഡിറ്റ് കുടിശ്ശിക തീർപ്പാക്കുന്നതിനായി, കയർ കടാശ്വാസ പദ്ധതി പ്രകാരം Rs.17,02,50,874/- (പതിനേഴ് കോടി രണ്ട് ലക്ഷത്തി അമ്പതിനായിരത്തി എണ്ണൂറ്റി എഴുപത്തിനാല് രൂപ മാത്രം) സ.ഉ (എം.എസ്) നം.11/2021/വ്യവ തീയതി 15.01.2021 പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ കുടിശ്ശികയായ വായ്പകൾ തീർപ്പാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്. OTS Amnesty പദ്ധതി പ്രകാരം 31.12.2021- വരെ വായ്പ കുടിശ്ശിക അടയ്ക്കുന്നതിന് സൗകര്യമുണ്ടായിരിക്കും കാഡ്കോയിൽ 2018-ൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കുടിശ്ശികയായി കിടന്ന വായ്പകൾ തീർപ്പാക്കിയിരുന്നു. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ പാറ്റേൺ, സി.ബി.സി പദ്ധതികൾ പ്രകാരം നൽകിയിട്ടുള്ള വായ്പകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ട്. ഇത് പ്രകാരം പലിശ ഒഴിവാക്കുന്നതാണ്. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ബാങ്കുകൾക്ക് ബാധ്യതയായി നൽകാനുണ്ടായിരുന്ന തുക 80 കോടി രൂപ, ബാങ്കുകൾക്ക് നൽകി ഒറ്റത്തവണയായി തീർപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ